# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം പിൻ – 695035

Ph :0471 – 2302490 Fax: 0471 – 2303025/2303080

**ഇ-മെയിൽ** : dhskerala@gmail.com

**വെബ്സൈറ്റ്** :www.dhs.kerala.gov.in

എം.സി3-27454/2018/ആ.വ.ഡ തീയതി:06/06/2018

## വിജ്ഞാപനം

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 15 സർക്കാർ നേഴ്സിംഗ് സ്ക്കൂളുകളിലും 2018 ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്ന ജനറൽ നേഴ്സിംഗ് കോഴ്സിലേയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐശ്ചിക വിഷയമായെടുത്ത് 40 ശതമാനം മാർക്കോടെ പ്ലസ്ടു അഥവാ തത്തുല്യ പരീക്ഷ പാസ്സായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. എസ്.സി/എസ്.ടി വിഭാഗത്തിലുള്ള അപേക്ഷകർക്ക് പാസ്സ് മാർക്ക് മതിയാകും. സയൻസ് വിഷയങ്ങൾ പഠിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റുള്ളവരേയും പരിഗണിക്കുന്നത്.

14 ജില്ലകളിലായി ആകെ 365 സീറ്റുകളാണ് ഉള്ളത്. ഇതിൽ 20% സീറ്റുകൾ ആൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. അപേക്ഷകർക്ക് 2018 ഡിസംബർ 31 ന് 17 വയസ്സിൽ കുറയുവാനോ 27 വയസ്സിൽ കൂടുവാനോ പാടില്ല. പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

അപേക്ഷാഫോമും, പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (www.dhskerala.gov.in) ലഭ്യമാണ്. അപേക്ഷാഫീസ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 75/- രൂപയും മറ്റുള്ള വിഭാഗത്തിന് 250/- രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലയിലെ നേഴ്സിംഗ് സ്ക്കൂൾ പ്രിൻസിപ്പാളിന് 21/07/2018 വൈകുന്നേരം 5 മണിക്കകം ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാമെഡിക്കൽ ആഫീസ്, നേഴ്സിംഗ് സ്ക്കൂളുകൾ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ

**ആരോഗ്യവകുപ്പ് ഡയറക്ടർ**

06 JUN